# ഭാഗം 6 ശൈലികൾ, വാക്യനിബന്ധനം, പഴഞ്ചൊല്ലുകൾ

**ഉള്ളടക്കം**


6.0 ഉദ്ദേശലക്ഷ്യങ്ങൾ
6.1 ആമുഖം
6.2 ശൈലികൾ
6.2.1 വ്യാകരണപരമായ പ്രയോഗവിശേഷങ്ങൾ
6.2.2 ഘടകപദങ്ങളുടെ വാച്യാർത്ഥത്തിൽനിന്നും ഭിന്നമായ വിവക്ഷ
6.2.3 സമാസാർത്ഥത്തിലേയ്ക്ക് വികസിക്കുന്ന പദസംഘാതങ്ങൾ
6.3 പുതിയ ശൈലികൾ
പുരോഗതി പരിശോധിക്കുക-1
6.4 വാക്യനിബന്ധനം
6.4.1 അംഗിവാക്യം
6.4.2 അംഗവാക്യം
6.4.3 പദസംഘാതം
6.5 അന്തർവാക്യങ്ങൾ
പുരോഗതി പരിശോധിക്കുക-2
6.6 വാക്യവിഭാഗങ്ങളും അപഗ്രഥനവും
6.6.1 ചൂർണ്ണിക
6.6.2 സങ്കീർണ്ണവാക്യം
6-6-3 യൗഗികവാക്യം
6.7 വാക്യഘടനാ പരിവർത്തനങ്ങൾ
6.8 വാക്യഘടനയിൽ വരുന്ന ദോഷങ്ങൾ
6.9 പഴഞ്ചൊല്ലുകൾ
പുരോഗതി പരിശോധിക്കുക-2
6.10 പാഠസംഗ്രഹം
6.11 പുരോഗതി പരിശോധിക്കുക—ഉത്തരം


## 6.0 ഉദ്ദേശ്യവും ലക്ഷ്യവും

ഭാഷ പ്രയോഗിക്കുന്നതിലുള്ള വിജയം പദങ്ങളെക്കുറിച്ചുള്ള അറിവുകൊണ്ടു മാത്രം ലഭിക്കുന്നില്ല. പ്രയോഗവിശേഷങ്ങളും വാക്യനിബന്ധനതത്വങ്ങളും പ്രചാരമുള്ള ചൊല്ലുകളും മററും അറിഞ്ഞിരിക്കണം. അവ വിശദമാക്കുകയും ഉദാഹരണങ്ങളിലൂടെ പ്രായോഗിക പരിചയം നല്കുകയുമാണ് ഈ യൂണിററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

**സ്വീകരിച്ചിരിക്കുന്ന വിഷയങ്ങൾ**

1. ശൈലി
2. അന്യഭാഷാസമ്പർക്കത്താലുണ്ടായ ശൈലികൾ
3. വാക്യനിബന്ധനം
4. വാക്യത്തിന്റെ അവാന്തരവിഭാഗം
5. അന്തർവാക്യം
6. വാക്യഘടനയിൽ വരുന്ന ദോഷങ്ങൾ
7. പഴഞ്ചൊല്ലുകൾ

## 6.1 ആമുഖം

ഓരോ ഭാഷയ്ക്കും തനതായ ആശയാവിഷ്കരണരീതിയുണ്ട്. അത് ഭാഷയുടെ ചേതനയാണെന്നു പറയാം. വ്യാകരണപരമായ ഘടകങ്ങളിൽ സദൃശങ്ങളായിരിക്കുന്ന ഭാഷകൾ സൂക്ഷ്മമായി പരിശോധിച്ചാൽ സാദൃശ്യം ബാഹ്യമായ ഭാഷാ ശരീരഘടനയിലാണുള്ളതെന്നും ആന്തരചൈതന്യം വ്യത്യസ്തമായിരിക്കുന്നുവെന്നും കാണാം. ഈ ആന്തരചൈതന്യത്തെ ഉളവാക്കുന്ന വ്യത്യസ്ത ഘടകങ്ങൾക്കെല്ലാംകൂടി കൊടുക്കുന്ന പേരാണ് ശൈലി. ആശയപ്രകാശനത്തിന് ഉതകുംവിധമുള്ള പദനിബന്ധനമാണ് വാക്യം. പഴഞ്ചൊല്ലുകൾ ഒരു ജനതയുടെ ആശയപ്രകാശനകൗശലത്തെയാണ് സൂചിപ്പിക്കുന്നത്. ഓരോന്നായി നമുക്കത് മനസ്സിലാക്കാൻ ശ്രമിക്കാം.

## 6.2 ശൈലികൾ

ശൈലിയെ മൂന്നായി തരംതിരിക്കാം.

1. വ്യാകരണപരമായ പ്രയോഗവിശേഷങ്ങൾ.
2. ഘടകപദങ്ങളുടെ വാച്യമായ അർത്ഥത്തിൽനിന്നു വ്യതിരിക്തമായ വ്യംഗ്യത്തോടുകൂടിയ പദയോഗങ്ങൾ.
3. ജീവിതവ്യാപരങ്ങൾ, ജീവിതവ്യവസ്ഥകൾ, ജീവിതാവസ്ഥകൾ, ആചാരങ്ങൾ, സംഭവങ്ങൾ ഇത്യാദികളോടു ബന്ധപ്പെട്ട വിശേഷാർത്ഥങ്ങളോടെ ഉത്ഭവിച്ച് സാമാന്യാർത്ഥങ്ങളിലേക്കു വികസിക്കുന്ന പദസംഘാതങ്ങൾ.

മലയാളത്തെ ആസ്പദമാക്കി ഇവയിലോരോന്നും വിവരിക്കാം.

### 6.2.1 വ്യാകരണപരമായ പ്രയോഗവിശേഷങ്ങൾ

(അ) കർത്താവ് സചേതനവും കർമ്മം അചേതനവുമാണെങ്കിൽ കർമ്മകാരകത്തെ സൂചിപ്പിക്കുന്ന പ്രതിഗ്രാഹികാവിഭക്തി പ്രത്യയം വേണ്ട.

രാമൻ മാങ്ങ തിന്നു. (മാങ്ങയെ തിന്നു എന്നു വേണ്ട)
ആശാരി മരം വെട്ടി. (മരത്തെ എന്നുവേണ്ട)
കൃഷ്ണൻ സിനിമ കണ്ടു (സിനിമയെ എന്നു വേണ്ട)
വ്യത്യസ്തോദാഹരണങ്ങളുമുണ്ട്. 'സൈന്യം നഗരത്തെ വളഞ്ഞു' എന്ന പ്രയോഗവും 'സൈന്യം നഗരം വളഞ്ഞു' എന്ന പ്രയോഗവും ശരിതന്നെ.
കർമ്മം സചേതനമാണെങ്കിൽ വിഭക്തി പ്രത്യയം ചേർക്കണം.
രാമൻ ശത്രുവിനെ കൊന്നു.
കൃഷ്ണൻ രാമനെ കണ്ടു.

(ഇംഗ്ലീഷുഭാഷയിൽ കർമ്മം സചേതനമാണെങ്കിലും പ്രത്യയം പ്രയോഗിക്കുന്നില്ല. 'ജോൺ മേരിയെ അടിച്ചു' എന്നു മലയാളത്തിൽ പറയുമ്പോൾ 'ജോൺ ബീററ് മേരി' എന്ന് ഇംഗ്ലീഷിൽ—ഇംഗ്ലീഷിൽ വാക്യത്തിലെ പദങ്ങളുടെ സ്ഥാനക്രമമാണ് കർത്താവി (സബ്ജക്ററ്) നേയും കർമ്മത്തേയും (ഓബ്ജക്ട്) നിയമിക്കുന്ന ഘടകം. 'മേരി ബീററ് ജോൺ' എന്ന പദത്തിൻെറ സ്ഥാനം മാററിയാൽ അർത്ഥം ആകെ മാറുന്നു. അടിക്കുന്നതു മേരിയും കൊള്ളുന്നത് ജോണുമാകും. മലയാളത്തിലാകട്ടെ 'മേരിയെ ജോൺ അടിച്ചു' എന്നു സ്ഥാനം മാററിയാലും അർത്ഥം മാറുകയില്ല. എന്തെന്നാൽ കാരകത്തെ നിയന്ത്രിക്കുന്നത് പ്രത്യയമാണ്; വാക്യത്തിൽ പദത്തിൻെറ സ്ഥാനമല്ല.)

സംഖ്യാവാചിയായ വിശേഷണം ചേർക്കുമ്പോൾ അചേതനത്തിന് ബഹുവചനപ്രത്യയം വേണ്ട.

തോട്ടത്തിൽ നാലുമരം പൂത്തുകഴിഞ്ഞു. (മരങ്ങൾ വേണ്ട)
രാമൻ പത്തു മാങ്ങ വാങ്ങി (മാങ്ങകൾ വേണ്ട)

(ഇതും ഇംഗ്ലീഷൽ വ്യത്യസ്തമാണ്. സംഖ്യാവിശേഷണമുണ്ടെങ്കിലും ടെൻ മാങ്കോസ് എന്നു ബഹുവചന പ്രത്യയം ചേർക്കും.)

ഇതിന് ചിലപ്പോൾ മാററുമുണ്ട്.

1. അമൂർത്തനാമങ്ങളിൽ ബഹുവചന പ്രത്യയം ചേർക്കാറുണ്ട്.

ഞാൻ ആറു വ്യാകരണനയങ്ങൾ പഠിച്ചു.
ഞങ്ങൾ ചില ഭീകര ശബ്ദങ്ങൾ കേട്ടു.
അവർ മനോഹരങ്ങളായ കാഴ്ചകൾ കണ്ടുകൊണ്ടു നടന്നു..

ഗണനസൂചകമെങ്കിൽ ബഹുവചന പ്രത്യയം ചേർക്കാം. പത്തു ഇനം മാങ്ങകൾ ›
സംഖ്യാവിശേഷണം ചേർക്കുമ്പോൾ നപുംസകലിംഗത്തിലുള്ള സചേതന
വിശേഷ്യത്തിന് ബഹുവചനപ്രത്യയം ചേർക്കുന്നതും ചേർക്കാതിരിക്കുന്നതും മലയാള
ശൈലിക്കു ചേർന്നതാണ്.

പത്തു കുതിര പന്തയത്തിൽ പങ്കെടുത്തു.
ആനയോട്ടത്തിൽ ആറ് ആന മത്സരിച്ചു.
ചന്തയിൽ നിന്ന് നാലു കാളയെ വാങ്ങി.

രൂപത്തിൽ ഏകവചനമായിരിക്കെ അർത്ഥത്തിൽ ബഹുവചനമായ പ്രയോഗങ്ങളുണ്ട്.

ചിലത്, പലത്, മിക്കതും, വല്ലതും.

ക്രിയാധാതുക്കളുടെ അനുപ്രയോഗങ്ങൾകൊണ്ട് അർത്ഥവിശേങ്ങളുളവാക്കുന്നു.

ഉദാ:

1. അപേക്ഷിച്ചുകൊള്ളുന്നു. — (വിനയാധിക്യം സൂചിപ്പിക്കുന്നു)
2. ഇരുന്നുകൊള്ളുക — (അനുവാദം നല്കുന്നു)

ഈ കൊള്ളുക ''ഓളൂ' എന്നായി ചുരുങ്ങിയിട്ടുണ്ട്.
വന്നോളൂ ഇരുന്നോളൂ; കണ്ടോളൂ.

3. തന്നാൽ കൊള്ളാം. — (അപേക്ഷ വ്യഞ്ജിക്കുന്നു).
4. പാടിക്കൊണ്ടു നടന്നു. — (നൈരന്തര്യം സൂചിപ്പിക്കുന്നു).
   വന്നുകൊണ്ടിരുന്നു. — (തുടർച്ചയെ കാണിക്കുന്നു).
5. മറന്നുപോയി. — (മനഃപൂർവ്വമല്ല, ഖേദമുണ്ട് എന്ന് ധ്വനിപ്പിക്കുന്നു).
   പറഞ്ഞുപോയി. — (പശ്ചാത്താപത്തേയോ മുൻകരുതലില്ലായ്മയേയോ സൂചിപ്പിപ്പിരിക്കുന്നു).
   കണ്ടുപോയി. — (കാണരുതെന്ന് ആഗ്രഹിച്ചിട്ടും കണ്ടു എന്നർത്ഥം).
6. പറഞ്ഞുകളഞ്ഞു. — (പ്രതീക്ഷയ്ക്കു വിപരീതം എന്നർത്ഥം).
   പോയ്കളഞ്ഞു. — (എതിരു വകവെക്കാതെ എന്നാണ് ഭാവം).
   ചെയ്തുകളഞ്ഞു. — (സാഹസികതയെ സൂചിപ്പിക്കുന്നു).
7. പോയ്കഴിഞ്ഞു. — (ആഗ്രഹിക്കാത്തത് സംഭവിച്ചു എന്നു സൂചിപ്പിക്കുന്നു).
   ഇതാ വന്നുകഴിഞ്ഞു. — (ഉടനെ വരും എന്നാണ് ഭാവം).
8. പണി പററിച്ചു — (അതിസാമർത്ഥ്യംകൊണ്ടോ, കൗശലം കൊണ്ടോ, വഞ്ചനകൊണ്ടോ കാര്യം സാധിച്ചു എന്ന് സൂചിപ്പിക്കുന്നു).
9. പറഞ്ഞു കൊടുത്തു. — (ഉപദേശിച്ചു).
   ചെയ്തുകൊടുത്തു. — (മററൊരാൾക്കുവേണ്ടി ചെയ്യുക).

   ഇരുന്നുകൊടുത്തു.
   നിന്നുകൊടുത്തു

10. മിഴിച്ചുനിന്നു. — (അത്ഭുതം കൂറി)
    അറച്ചു നിന്നു. — (സന്ദേഹിച്ചു)
11. വന്നിരുന്നു. — (വന്നു; പക്ഷെ പോയി എന്ന് സൂചന).

ചെയ്തിരിക്കും. — (സംഭാവ്യത).

വന്നിട്ടുണ്ടായിരുന്നു. — (വന്നിരുന്നു എന്നതിൽക്കുറച്ചുകൂടി ഉറപ്പ്)

12. വലിച്ചെറിഞ്ഞു. — (വിലവെക്കാതെ ഉപേക്ഷിച്ചുകളഞ്ഞു).

## 6.2.2 ഘടകപദങ്ങളുടെ വാച്യാർത്ഥത്തിൽ നിന്ന് വ്യതിരിക്തമായ വിവക്ഷ

1. കണ്ണിടുക. — (വസ്തുവിന് നാശം വരത്തക്കവണ്ണം നോക്കുക, ദൃഷ്ടിദോഷം)
2. കണ്ണോടിക്കുക. — (ആകെക്കൂടി പരിശോധിക്കുക).
3. കണ്ണുവെക്കുക. — (സ്വന്തമാക്കാനുള്ള ഉദ്ദേശത്തോടെ നോക്കുക)
4. കണ്ണിൽ കുത്തുക. — (ദ്രോഹിക്കുക)
5. കണ്ണുതുറക്കുക. — (ദയകാണിക്കുക)

   കണ്ണുതുറപ്പിക്കുക — (ബോധോദയമുണ്ടാവുക അല്ലെങ്കിൽ ബോധ്യപ്പെടുത്തുക)
6. കയ്യോടെ പിടിക്കുക — (കുററം ചെയ്യുന്ന അവസ്ഥയിൽ തന്നെ പിടികൂടുക).
7. കണ്ണടയ്ക്കുക — (കണ്ടില്ലെന്നു ഭാവിക്കുക)
8. കയ്യഴക്കുക — (ഉദാരമാകുക)
9. കൈയും കണക്കുമററ് — (ധാരാളിത്തത്തോടെ)
10. കയ്യേറുക — (ബലമായി പ്രവേശിക്കുക)
11. കൈമെയ്മറക്കുക — (നിയന്ത്രണം വിടുക)
12. കാലുപിടിക്കുക — (ആശ്രയിക്കുക)
13. കഴുതക്കാലുപിടിക്കുക — (ഹീനനെ ആശ്രയിക്കുക)
14. കുഴി തോണ്ടുക — (വഞ്ചിക്കുക)
15. കുഴിയിൽ ചാടുക — (മുൻകരുതലില്ലാത്തതിനാൽ ആപത്തുപിണയുക)
16. **കുട്ടിച്ചോറാക്കുക** — (തകർക്കുക)
17. കായം കലക്കുക — (പ്രയോജനപ്പെടാത്തവിധത്തിൽ ചെലവാക്കുക)
18. കുളം കുത്തുക — (നശിപ്പിക്കുക)
19. കൊമ്പു വിളിക്കുക — **(സേവയ്ക്കു നില്ക്കുവാൻ പ്രഖ്യാപിക്കുക.)**
20. ചെണ്ടകൊട്ടിക്കുക — (പററിക്കുക)
21. ചെമ്പു പുറത്താക്കുക — ഉള്ളുകള്ളി പുറത്താക്കുക
22. ചെവിയിലോതുക — **ഉപജാപത്തിലേർപ്പെടുക**
23. ചെവി കടിക്കുക — **ഗൂഢഭാഷണത്തിലേർപ്പെടുക** (ഏഷണികൂട്ടുക)
24. തലയിലേററുക — ഏറെ ലാളിക്കുക
25. നക്ഷത്രമെണ്ണുക — അളവററു ക്ലേശിക്കുക
26. പടികടത്തുക — പുറത്താക്കുക
27. മണ്ണുകപ്പുക — തോററുപോകുക, തളരുക
28. മുഖം കറുപ്പിക്കുക — കോപിക്കുക, അസഹിഷ്ണുത കാട്ടുക

29. നക്കിക്കൊല്ലുക — സ്നേഹം ഭാവിച്ചു നശിപ്പിക്കുക
30. ഒഴിക്കിന്നെതിരെ നീന്തുക — പ്രതികൂലസാഹചര്യങ്ങളോടു പൊരുതുക
31. അങ്ങാടിപ്പാട്ടാവുക — പരസ്യമാവുക
32. ഓടുന്നതോണിക്കു ഒരു ഉന്തു കൊടുക്കുക — ചെറിയ സഹായം ചെയ്യുക
33. ആകാശം നോക്കുക — അമ്പരന്നു പോകുക
34. തലതാഴ്ത്തുക — പരാജയം സമ്മതിയ്ക്കുക
35. വെള്ളം ചേർക്കുക — ലാഘവപ്പെടുത്തുക
36. ചമ്മന്തിയാക്കുക, തരിപ്പണമാക്കുക — തകർക്കുക
37. പൊടിപാററുക — നശിപ്പിക്കുക
38. പൊടി പാറിക്കുക — ആഘോഷിക്കുക
39. ചാക്കിലാക്കുക, ചാക്കിലിട്ടു പിടിക്കുക — അറിയാതെ സ്വപക്ഷത്തേക്കു വശീകരിക്കുക

## 6.2.3 സാമാന്യാർത്ഥത്തിലേയ്ക്ക് വികസിക്കുന്ന പദസംഘാതങ്ങൾ

**വയററത്തടിക്കുക** — **ജീവിതമാർഗ്ഗം തടയാൻ ശ്രമിക്കുക.**
**അങ്ങോളമിങ്ങോളം** — **മുഴുവനും—യാത്രയോടു ബന്ധപ്പെട്ട ശൈലി**
**അടിതൊട്ടുമുടിവരെ** — **മുഴുവനും—വേഷമിടലിനോടു ബന്ധപ്പെട്ടത്**
**അടിയറവു പറയുക** — **തോൽക്കുക—ചതുരംഗത്തിൽ നിന്ന്**
**അലകും പിടിയും മാറുക** — **മുഴുവൻ മാറുക—കൊല്ലപ്പണിയിൽനിന്ന്**
**അരയും തലയും മുറുക്കുക** — **സന്നദ്ധമാവുക—കളരിപ്പയററിൽ നിന്ന്**
**ഉടച്ചു വാർക്കുക** — **മുഴുവൻ പുതുക്കിപ്പണിയുക—തട്ടാൻ, മൂശാരി മുതലായവരുടെ പ്രവൃത്തിയിൽനിന്ന്**
**ആട്ടിൻകുട്ടി** — **ശാന്തപ്രകൃതി—മൃഗസ്വഭാവത്തിൽനിന്ന്**
**ആനച്ചന്തം** — **ആകെക്കൂടിയുള്ള അഴക്—ജന്തുവിന്റെ ആകൃതി നിരീക്ഷണത്തിൽനിന്ന്**
**ആപാദമസ്തകം** — **മുഴുവനും**
**ഇരയിടുക** — **നേട്ടമുണ്ടാക്കാൻ വഴിനോക്കുക—മീൻപിടിക്കലിൽനിന്ന്**
**ഇരയിട്ടു മീൻപിടിക്കുക** — **വലിയ നേട്ടത്തിന് ചെറിയ ചെലവ്**
**ഇരുതലമൂരി** — **എതിർകക്ഷികളിൽ ഒരുപോലെ പങ്കുചേരുന്നവൻ—ജന്തുവർഗ്ഗത്തിൽനിന്ന്**
**കഴുത** — **മന്ദബുദ്ധി—മൃഗത്തിൽനിന്ന്**
**ഉരുളയ്ക്കുപ്പേരി** — **തക്കമറുപടി—ഭക്ഷണത്തോടു ബന്ധപ്പെട്ടത്**
**കതിരിനു വളം വെയ്ക്കുക** — **കാലം കഴിഞ്ഞു പ്രവർത്തിക്കുക—കർഷക വൃത്തിയിൽനിന്ന്**
**കടുവാക്കൂട്ടിൽ തലയിടുക** — **സാഹസികതയോടെ എടുത്തുചാടുക—സർക്കസിൽനിന്ന്**
**കണക്കുതീർക്കുക** — **പകരം വീട്ടുക—വ്യാപാരത്തിൽനിന്ന്**
**കണ്ണിലുണ്ണി** — **വാത്സല്യഭാജനം—ശരീരഘടനയിൽനിന്ന്**
**കഥ കഴിക്കുക** — **അവസാനിപ്പിക്കുക (കൊല്ലുക)—കഥകളി**

കലാശം ചവിട്ടുക — അവസാനിപ്പിക്കുക-നൃത്യകല

കമ്പോടുകമ്പ് — **മുഴുവനും-വൃക്ഷസസ്യാദികളോടു** ബന്ധപ്പെട്ടത്

കായംകുളം വാൾ — ദാക്ഷിണ്യമില്ലാത്ത ശിക്ഷ-ഐതിഹ്യത്തിൽനിന്ന്

കാപ്പുകൊടുക്കുക — ഒരുങ്ങുക (ഉദ്യമങ്ങളോടു ബന്ധപ്പെട്ട ആചാരം)

**ഗണപതിക്ക് കുറിക്കുക** — തുടങ്ങുക (ജ്യോതിഷം, പൂജാവിധി)

ഗോപി തൊടുവിക്കുക — **വഞ്ചിക്കുക (പ്രസാധനത്തോടു** ബന്ധപ്പെട്ടത്)

താളത്തിനു തുള്ളുക — അന്യഹിതം നോക്കി പ്രവർത്തിക്കുക (നൃത്യകല)

**താഴികക്കുടം വെയ്ക്കുക (മകുടം** വെയ്ക്കുക) — ഒടുക്കത്തേതായി ഒരു പണി-വാസ്തുവിദ്യ

തെക്കോട്ടു പോവുക — മരിക്കുക (ശവം തെക്കുവശത്ത് സംസ്കരിക്കുന്ന ആചാരം)

തിണ്ണമിടുക്ക് — സ്വന്തം വീട്ടിലെ സുരക്ഷിതത്വത്തിൽ കാണിക്കുന്ന ശൗര്യം

ദീവാളി കുളിക്കുക — ദുർവ്യയം ചെയ്യുക (ആഘോഷങ്ങൾ)

നെല്ലിപ്പടി കാണുക — അവസാനത്തെ പടിയിലെത്തുക (കിണറിന് ഏററവുമടിയിൽ-നെല്ലിമരത്തിന്റെ പടിയിടുന്നു)

**തൊഴുത്തിൽ കുത്ത്** — സ്വവർഗ്ഗത്തിൽ മത്സരം (കാലികളുടെ **ജീവിതം—**

**പൊടിപ്പും തൊങ്ങലും** വെയ്ക്കുക — പലതും കൂട്ടി ചേർക്കുക (അലങ്കരണം)

**പൊടിയിട്ടു വിളിക്കുക** — ന്യൂനത മറച്ചുവെക്കുക (തട്ടാപ്പണിയോടും കൊല്ലപ്പണിയോടും ബന്ധപ്പെട്ടത്)

വളം വെയ്ക്കുക — പ്രോത്സാഹിപ്പിക്കുക (കർഷകവൃത്തി)

വല വീശുക — അകപ്പെടുത്താൻ തരം നോക്കുക (മത്സ്യ ബന്ധനവൃത്തി)

മാററുകൂട്ടുക — മികവുണ്ടാക്കുക (തട്ടാപ്പണി)

കുഴിക്കു കാലു നീട്ടുക — മരണത്തോടടുക്കുക

കുളം കോരുക — നശിപ്പിക്കുക

**എല്ലുമുറിയെ പണിയുക** — കഠിനാദ്ധ്വാനം ചെയ്യുക

ചരടു വലിക്കുക — പിന്നിൽനിന്നു നിയന്ത്രിക്കുക (തോൽപ്പാവ **കൂത്ത്**)

അണിയറയിൽ പണിയുക — **മറവിൽ നിന്നു പ്രവർത്തിക്കുക (ദൃശ്യകല)**

പിച്ചള തെളിക്കുക — ഉള്ള കളവു പുറത്തുവരിക (ലോഹം പൂശൽ)

മുളയിൽ നുള്ളുക — പിറവിയിലേ നശിപ്പിക്കുക (കൃഷിപ്പണിയോട് ബന്ധപ്പെട്ടത്)

പച്ചവെള്ളം ചവച്ചുകുടിക്കുക — പാവത്താനാവുക

കൊമ്പുകുത്തിക്കുക — തോൽപ്പിക്കുക (കാളപ്പോര്)

കടിഞ്ഞാണിടുക — നിയന്ത്രണം ഉണ്ടാക്കുക (സവാരി)

പൂർണ്ണവിരാമമിടുക — അവസാനിപ്പിക്കുക (ഭാഷാപ്രയോഗം)

തലയിൽ കെട്ടിവയ്ക്കുക — നിർബന്ധിച്ചേൽപ്പിക്കുക (ചുമടുചുമപ്പിക്കൽ)

| | | |
|---|---|---|
| കുത്തുപാളയെടുക്കുക | — | എല്ലാം നഷ്ടപ്പെടുക (ഭിക്ഷാടനം) |
| ചാട്ടത്തിൽ പിഴയ്ക്കുക | — | ഉന്നം തെററുക (മരഞ്ചാടിയുടെ ജീവിതത്തിൽ നിന്ന്) |
| ഭരതവാക്യം ചൊല്ലുക | — | **അവസാനിക്കുക (നാടകം)** ) |

## 6.3 പുതിയ ശൈലികൾ

അന്യ ഭാഷാസമ്പർക്കം കൊണ്ടും മററും പുതിയ ശൈലികൾ ഉണ്ടായിട്ടുണ്ട്.

ചില ഉദാഹരണങ്ങൾ

| | | |
|---|---|---|
| കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കുക | — | മററുള്ളവരുടെ വിഷമത്തിൽ നിന്നു മുതലെടുക്കുക |
| സ്വന്തം വാക്കുകൾ സ്വയം വിഴുങ്ങുക | — | **വാക്കു പാലിക്കാതിരിക്കുക** |
| **രണ്ടററം കൂട്ടിത്തൊടുവിക്കുക** | — | നിത്യവൃത്തി ഒപ്പിച്ചുപോവുക |
| **അഞ്ചാംപത്തിയാവുക** | — | സംഘത്തെ ചതിക്കുക |
| കയ്യിലുള്ളത് വിട്ടു പറക്കുന്നതിനെ പിടിക്കുക | — | കിട്ടിയതിൽ തൃപ്തിയില്ലാതെ കിട്ടാത്തതിൽ ആഗ്രഹിക്കുക |
| ചുണ്ടിനും കോപ്പയ്ക്കു മിടയ്ക്ക് വഴുതിപ്പോവുക | — | ലക്ഷ്യം പ്രാപിക്കാറാവുമ്പോൾ പ്രതിബന്ധം |

(കുലതൊടാറാവുമ്പോൾ തളപ്പററുപോവുക എന്ന് ഇതിനു തുല്യമായ മലയാള ശൈലിയുണ്ട്)

| | | |
|---|---|---|
| അടിവരയിടുക | — | പ്രാധാന്യം വ്യക്തമാക്കുക |
| വേലിപ്പുറത്തിരിക്കുക | — | ഏതുവശത്തേക്കു ചായണമെന്നു തക്കം പാർക്കുക |

(കിണ്ണത്തിൻെറ വക്കത്തെ കടുക് എന്നും കയ്യാലപ്പുറത്തെ തേങ്ങാ എന്നും ഇതിനു തുല്യമായ മലയാള ശൈലി)

| | | |
|---|---|---|
| **വായിൽ വെള്ളിക്കരണ്ടിയോടെ** പിറക്കുക | — | ധനിക ഗൃഹത്തിൽ പിറക്കുക |
| അണ്ടർ ഗ്രൗണ്ടാവുക | — | ഒളിവുജീവിതം നയിക്കുക |
| തൂവിപ്പോയ പാലിനെച്ചൊല്ലി കരയുക | — | പരിഹാരമില്ലാത്ത കാര്യത്തിൽ ദുഃഖിക്കുക |
| കാററുമാറി വീശുക | — | സ്ഥിതി പൂർണ്ണമായി മാറുക |
| വെടിമരുന്നു നനയാതെ സൂക്ഷിക്കുക | — | കൃത്യസമയത്തു പ്രവർത്തിക്കാൻ തയ്യാറായിരിക്കുക |
| കുംഭകോണം | — | അഴിമതി |
| പാതിരാമെഴുകുതിരി കത്തിക്കുക | — | കഠിനാദ്ധ്വാനം ചെയ്തു വിദ്യയഭ്യസിക്കുക |
| ഉപ്പിനു കാരം നഷ്ടപ്പെടുക | — | സത്വം നശിക്കുക |
| അതിർത്തി ആകാശം | — | ഉയർച്ചയ്ക്ക് അററമില്ലാതെയിരിക്കും |
| പന്തു എതിർകോർട്ടിലാവുക | — | അടുത്ത നീക്കം പ്രതിയോഗിയിൽനിന്നാവുക |
| വരികൾക്കിടയിലൂടെ വായിക്കുക | — | വാച്യമായി പറയാത്ത വ്യംഗം ഗ്രഹിക്കുക |

**പുരോഗതി സ്വയം പരിശോധിക്കുക. 1**

1. ശൈലിയെ എങ്ങനെ തരംതിരിക്കാം?

2. ശൈലി ഭംഗം നീക്കി ശരിയായെഴുതുക.

3. താഴെ കൊടുത്ത പ്രയോഗങ്ങളുടെ വാച്യമായ അർത്ഥത്തിൽ നിന്നും വ്യതിരിക്തമായി വ്യഞ്ജിക്കുന്ന അർത്ഥം വ്യക്തമാക്കുക.

1. കരുതിക്കൂട്ടി ചെയ്തു 2. അയാൾ പണിപററിച്ചു.
3. വസ്തുതയിൽ വെള്ളം ചേർത്തു 4. ഉപ്പുതൊട്ടുകർപ്പൂരംവരെ.

## 6.4 വാക്യനിബന്ധനം

ആശയപ്രകാശത്തിനുതകുംവണ്ണം നിബന്ധിക്കുന്ന പദസമൂഹമാണ് വാക്യം.

**അംഗിവാക്യം, അംഗവാക്യം, പദസംഘാതം, എന്നിവയാണ് വാക്യഘടകങ്ങൾ.**

### 6.4.1 അംഗിവാക്യം

സ്വയം പൂർണ്ണമായിരിക്കുന്നത് അംഗിവാക്യം.

ഈശ്വരൻ ഉണ്ട്. ഈശ്വരൻ ഉണ്ടോ? ഈശ്വരൻ ഉണ്ടല്ലോ. സുഖം ഇല്ല. സുഖം **ഇല്ലേ?** സുഖം ഇല്ലെന്നോ? അവൻ വന്നു. അവൻ വന്നില്ലേ? രാമൻ മരിച്ചുപോയി. രാമൻ മരിച്ചുപോയെന്നോ? ഞാൻ സിനിമ കണ്ടു. നിങ്ങൾ പുതിയ സിനിമ കണ്ടില്ലേ?

ഇവയെല്ലാം അംഗിവാക്യങ്ങളാണ്. ഇവയിൽ അംഗവാക്യങ്ങളില്ല.
സ്വയംപൂർണ്ണമല്ലാത്തവയാണ് അംഗവാക്യങ്ങൾ.

### 6.4.2 അംഗവാക്യം

**ഈശ്വരൻ ഉണ്ടെന്ന്** ഞാൻ വിശ്വസിക്കുന്നു. **നിങ്ങൾക്കു വിശ്വാസമില്ലെങ്കിൽ** ഞാനെന്തുചെയ്യും? **സുഖം ഇല്ലെന്നു തോന്നിയാൽ** പിന്നെ സുഖം ഇല്ല. **അവൻ വന്നത്** നിങ്ങൾ കണ്ടുവോ? **രാമൻ മരിച്ചുപോയിട്ട്** പത്തുകൊല്ലം കഴിഞ്ഞിരിക്കും.

**പുതിയ സിനിമയാണെന്നു കേട്ടപ്പോൾ** ഉടനെ കാണാൻ പോയി. — ഇവയിൽ അടിവരയിട്ടവയെല്ലാം അംഗവാക്യങ്ങൾ. അംഗവാക്യങ്ങളിൽ അംഗിവാക്യങ്ങളിൽ ഉള്ളപോലെ കർത്താവും ക്രിയയും അവയ്ക്കു വിശേഷണങ്ങളും ഉണ്ടാവും. എന്നാൽ ക്രിയ അപൂർണ്ണമായിരിക്കും. ഉണ്ടെന്ന്, ഇല്ലെങ്കിൽ, തോന്നിയാൽ, വന്നത്, മരിച്ചുപോയിട്ട് കേട്ടപ്പോൾ എന്നീ ക്രിയാരൂപങ്ങൾ നോക്കുക. അവ സ്വതന്ത്ര ക്രിയകളല്ല. മററു ക്രിയകളോടു ചേർന്നു നിൽക്കുമ്പോഴേ അർത്ഥം പൂർണ്ണമാവുന്നുള്ളൂ.

### 6.4.3 പദസംഘാതം

ക്രിയയോടുകൂടാത്ത പദസമൂഹങ്ങളാണ് പദസംഘാതമെന്ന് വിളിക്കപ്പെടുന്നത്.

**രാജ്യത്തിൻെറ രക്ഷകനായ ഭരണകർത്താവ്** അഴിമതിക്കാരനായിപ്പോയാൽ എല്ലാം നശിച്ചു. **ഇന്നലെ വൈകുന്നേരം** വാർത്ത കേട്ട് സ്തംഭിച്ചിരുന്നുപോയി. **കുട്ടിയുടെ രോഗത്തിന്** വിദഗ്ദചികിത്സ നല്കണം. **ഈ വിശാലമായ ഭൂമിയുടെ ഏതെങ്കിലുമൊരു മൂലയിൽ** എനിക്കും ആറടി മണ്ണുകിട്ടും.

അടിവരയിട്ട ഭാഗങ്ങൾ പദസംഘാതത്തിൽ ഉൾപ്പെടുന്നു.

അംഗവാക്യങ്ങളും പദസംഘാതങ്ങളും നാമം, നാമവിശേഷണം, **ക്രിയാവിശേഷണം** എന്നിവയുടെ പ്രവൃത്തി നിർവഹിക്കും.

രാജ്യത്തിൻെറ രക്ഷകനായ — നാമവിശേഷണം
രാജ്യത്തിൻെറ രക്ഷകനായ ഭരണകർത്താവ് — നാമം.

**കുട്ടിക്ക് ശരിയായ മരുന്നുകൊടുത്തില്ലെങ്കിൽ** രോഗം മൂർച്ഛിക്കും.
അടിവരയിട്ട അംഗവാക്യം മൂർച്ഛിക്കും എന്ന ക്രിയയുടെ വിശേഷണം.

**എനിക്കുപണം വേണ്ടെന്ന് പറഞ്ഞത്** അയാളെ സന്തുഷ്ടനാക്കി
**(അടിവരയിട്ട അംഗവാക്യം സന്തുഷ്ടനാക്കി എന്ന ക്രിയയുടെ കർത്താവായ നാമം)**
(അടിവരയിട്ട അംഗവാക്യം നാമവിശേഷണം)

ശങ്കരാചാര്യർ ആവിഷ്കരിച്ച അദ്വൈതമതം മഹത്താണ്.
(അടിവരയിട്ട അംഗവാക്യം നാമവിശേഷണം)

അംഗവാക്യങ്ങളെ നാമവിശേഷണവാക്യം, ക്രിയാവിശേഷണവാക്യം, നാമവാക്യം എന്നിങ്ങനെ തരംതിരിക്കാം.

നിങ്ങൾ പഠിച്ച സ്കൂൾ ഏതു കൊല്ലത്തിലാണാരംഭിച്ചത്?
(അടിവരയിട്ടത് നാമവിശേഷണവാക്യം)

അങ്ങോട്ടുപോകുന്നില്ലെങ്കിൽ ഇന്ന് ഇങ്ങോട്ടുവന്നാലും.

(അടിവരയിട്ടത് വന്നാലും എന്ന ക്രിയയുടെ വിശേഷണമായ വാക്യം)

നേതാവു നേരിട്ടുവന്നു സഹതാപം പ്രകടിപ്പിക്കുന്നത് ദുഃഖിതരെ ആശ്വസിപ്പിക്കും
(അടിവരയിട്ടത് ആശ്വസിപ്പിക്കും എന്ന ക്രിയയുടെ കർത്താവായ നാമവാക്യം.)

അർഹതയുള്ളവർക്ക് ദുരിതാശ്വാസം നല്കുന്നതാണെന്ന് നേതാവ് അറിയിച്ചു.
(അടിവരയിട്ടത് അറിയിച്ചു എന്ന ക്രിയയുടെ കർമ്മമായ നാമവാക്യം.)

## 6.5 അന്തർവാക്യങ്ങൾ

അംഗവാക്യമോ അംഗിവാക്യമോ പദസംഘാതമോ അന്തർവാക്യങ്ങളായി നിബന്ധിക്കാറുണ്ട്.

രാജാവ് കാടുകേറിയ രാമനാമഠംപിള്ളയെ (ഭീരുക്കളെ വധിക്കുന്നത് വീരധർമ്മമല്ലല്ലോ) തിരഞ്ഞുപിടിച്ചു വധിക്കാനുദ്യമിച്ചില്ല.

നമ്മുടെ പ്രവൃത്തികളെല്ലാം (നല്ലതോ ചീത്തയോ) നമ്മെ നിഴലുകൾ പോലെ പിന്തുടരുന്നു. ആ കൃത്യം (അത് ഇപ്പോൾതന്നെ ചെയ്തുകഴിഞ്ഞിട്ടില്ലെങ്കിൽ തടയുകതന്നെ വേണം.

ഒന്നാമത്തേതിൽ അംഗിവാക്യവും രണ്ടാമത്തെതിൽ പദസംഘാതവും മൂന്നാമത്തേതിൽ അംഗവാക്യവും അന്തർവാക്യങ്ങളാണ്. അന്തർവാക്യങ്ങൾ അത്യാവശ്യമില്ലാത്തിടത്തു പ്രയോഗിക്കുന്നത് അർത്ഥത്തിന്റെ ഏകാഗ്രതയ്ക്കു ഭംഗമുണ്ടാക്കാം. ഒന്നാം വാക്യത്തിൽ അന്തർവാക്യത്തിന് തീരെ പ്രസക്തിയില്ല. 'തിരിക്കിപ്പിടിച്ചു വധിക്കാനുദ്യമിച്ചില്ല' എന്നതിന്റെ കാരണമാണല്ലോ അന്തർവാക്യത്തിന്റെ അർത്ഥം. ഒന്നുകിൽ ആ കാരണം ഒരംശവാക്യമായി മുമ്പേ പറയാം. അല്ലെങ്കിൽ മറ്റൊരു അംഗിവാക്യമായി പിമ്പേ ചേർക്കാം.

**പുരോഗതി സ്വയം പരിശോധിക്കുക. 2**

**ആ** 1. വാക്യങ്ങളെ എങ്ങനെ വിഭജിക്കാം?

2. താഴെ കൊടുക്കുന്ന അംഗവാക്യങ്ങൾ ഏതുവകുപ്പിൽപ്പെടുമെന്നു വ്യക്തമാക്കുക.

   1. **എനിക്കു സുഖമില്ലാത്തതിനാൽ** ഇന്നു ലീവെടുത്തു.
   2. **പത്തുമണിയ്ക്ക് സ്കൂളിലേയ്ക്ക് പോയ കുട്ടികൾ** പത്തരയ്ക്കുതന്നെ വീട്ടിൽ തിരിച്ചെത്തി.
   3. **പെട്ടെന്നു വിദ്യാർത്ഥിസമരം പൊട്ടിപ്പുറപ്പെട്ടതുകൊണ്ട്** പരീക്ഷ നീട്ടി വെച്ചു.
   4. **തോടുകളും പുഴകളും നിറഞ്ഞ കേരളത്തിൽ നിന്ന് നീന്തൽ മത്സരത്തിൽ താരങ്ങൾ കുറഞ്ഞുപോകുന്നത്** ദുഃഖവും അമ്പരപ്പും ഉണ്ടാക്കുന്ന വസ്തുതയാണ്

3. **പദസംഘാതങ്ങൾ എടുത്തെഴുതുക.**

   1. നിറവും മണവുമുള്ള പൂക്കളല്ല, പ്ളാസ്ററിക് പൂവുകളാണ് ഇന്നത്തെ പരിഷ്കൃതരായ ആളുകൾക്കു വേണ്ടത്?
   2. മറക്കാനാവാത്ത ദ്രോഹങ്ങളാണ് അയാൾ ചെയ്തതെങ്കിൽപ്പോലും ഞാൻ പകവീട്ടാൻ താൽപര്യമുള്ള അധമനാവുകയില്ല.
   3. മോഹനങ്ങളായ വാഗ്ദാനങ്ങളാണ് സ്ഥാനാർത്ഥി നല്കിയത്. അയാൾ കണ്ണല്ലാത്തതൊക്കെ പൊന്നാകും എന്ന് വോട്ടു ചെയ്യേണ്ടവരോടു പറഞ്ഞു.
   4. തേനഞ്ചുന്ന കവിതയും, അൽപം ആഹാരവും,മധുരമായി പാടുന്ന നീയും അടുത്തുള്ളപ്പോൾ ഈ ഭൂമിതന്നെ സ്വർഗ്ഗം.

വാനരൻമാർ സേതുബന്ധിച്ചുകഴിഞ്ഞപ്പോഠം രാമനും വാനരസൈന്യവും ലങ്കയിൽ പ്രവേശിച്ച് രാക്ഷസൻമാരോട് ഘോരയുദ്ധം ആരംഭിച്ചു. ഇതിൽ ഒരു അംഗിവാക്യവും രണ്ട് അംഗവാക്യങ്ങളും കാണാം. ഒന്നാമത്തെ ക്രിയാവിശേഷണവാക്യം പ്രവേശിച്ച് എന്ന ക്രിയയേയും രണ്ടാമത്തെ ക്രിയാവിശേഷണവാക്യം ആരംഭിച്ചു എന്ന ക്രിയയേയും വിശേഷിപ്പുക്കുന്നു. സങ്കീർണ്ണവാക്യങ്ങളിൽ വിശേഷണവാക്യവും നാമവാക്യവും അംഗങ്ങളായി വരുന്നതിനുദാഹരണങ്ങഠം.

അച്ഛൻെറ സത്യം പാലിക്കാൻ നിശ്ചയിച്ച രാമൻ കാട്ടിലേക്കു പോയി.
അച്ഛൻെറ സത്യം പാലിക്കാൻ മകൻ കടപ്പെട്ടവനാണെന്ന് രാമൻ പറഞ്ഞു.

## 6.6 യൗഗികവാക്യം

രണ്ട് അംഗിവാക്യങ്ങഠം ഉഠംപ്പെടുമ്പോഠം യൗഗികവാക്യം, രാമൻ അച്ഛൻെറ സത്യം പാലിക്കാൻ നിശ്ചയിക്കുകയും കാട്ടിലേക്കു പോകാനൊരുങ്ങുകയും ചെയ്തു.

ഇംഗ്ളീഷിൽ കോംപൗണ്ട് എന്നതിന് തുല്യമായിട്ടാണ് യൗഗികവാക്യം എന്ന വിഭജനം സ്വീകരിച്ചിരിക്കുന്നത്. എങ്കിലും ഇംഗ്ളീഷിലെപ്പോലെയല്ല പൂർണ്ണക്രിയകളെ മലയാളത്തിൽ കൂട്ടിച്ചേർക്കുന്നത്. രണ്ടു പൂർണ്ണ ക്രിയകളെ ആ ഭാഷയിൽ സമുച്ചയത്തെക്കുറിയ്ക്കുന്ന പദം കൊണ്ട് കൂട്ടിച്ചേർക്കുന്നു. എന്നാൽ വന്നുപോയി എന്ന ക്രിയകളെ വരികയും പോകയും ചെയ്തു എന്നാണ് മലയാളത്തിൽ കൂട്ടിച്ചേർക്കുക. അതായത്, പൂർണ്ണക്രിയകളുടെ നാമരൂപങ്ങളേയോ പിൻവിനയെച്ചരൂപങ്ങളേയോ കൂട്ടിച്ചേർക്കുന്നു.

1. ഗായകൻ മനോഹരമായി പാടുകയും സദസ്യർ സ്വയംമറന്ന് ആസ്വദിക്കുകയും ചെയ്തു.
2. മഴ പെയ്യാനും കാററുവീശാനും തുടങ്ങി.

രണ്ട് അംഗിവാക്യങ്ങളിലൂടെ ആവിഷകരിക്കാവുന്ന ആശയങ്ങഠം ഒററക്രിയമാത്രം പ്രയോഗിച്ചു കൂട്ടിച്ചേർത്താലും യൗഗികവാക്യമായി കരുതണം.

ശാസ്ത്രം വസ്തുനിഷ്ഠമായ സത്യത്തേയും കല ഭാവനാഗോചരമായ സൗന്ദര്യത്തേയും പ്രകാശിപ്പിക്കുന്നു. 'പ്രകാശിപ്പിക്കുന്നു' എന്ന ക്രിയ ആവർത്തിക്കാതിരിക്കാൻ വേണ്ടി ഓരോ അംഗിവാക്യത്തിൻെറയും കർമ്മങ്ങളിൽ സമുച്ചയദ്യോതകം ചേർത്തിരിക്കുന്നു. ശാസ്ത്രം സത്യത്തെ ആവിഷ്കരിക്കുകയും കല സൗന്ദര്യത്തെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു എന്ന യൗഗികവാക്യത്തിനു തുല്യമായിതന്നെ കാണുക.

## 6.7 വാക്യഘടനാപരിവർത്തനങ്ങഠം

എ) അംഗവാക്യങ്ങളെ പദസംഘാതങ്ങളായി ചുരുക്കാനും പദസംഘാതങ്ങളെ അംഗവാക്യങ്ങളായി വികസിപ്പിക്കാനും കഴിയുമെന്നതിനാൽ അർത്ഥവ്യത്യാസം കൂടാതെ വാക്യങ്ങഠംക്ക് ഘടനയിൽ മാററം വരുത്താവുന്നതാണ്

1. ഭയങ്കരമായി കാററുവീശുകയും ഘോരമായി മഴപെയ്യുകയും ചെയ്തതിനാൽ ബോട്ടു മുങ്ങി പത്തു യാത്രക്കാർ മരിച്ചു.
2. കൊടുങ്കാററും പേമാരിയും നിമിത്തം പത്തു യാത്രക്കാർ ബോട്ടപകടത്തിൽ മരിച്ചു.
3. കൊടുങ്കാററും പേമാരിയും നിമിത്തം ബോട്ടുമുങ്ങി പത്തു യാത്രക്കാർ മരിച്ചു.

   ഒന്നാം വാക്യത്തിൽ രണ്ട് അംഗിവാക്യങ്ങളുണ്ട്. രണ്ടാം വാക്യത്തിൽ ഒരു അംഗിവാക്യം മാത്രം. മൂന്നാം വാക്യത്തിൽ ഒരു അംഗവാക്യവും ഒരു അംഗിവാക്യവും. യഥാക്രമം അവ യൗഗികവാക്യം, ചൂർണ്ണിക, സങ്കീർണ്ണവാക്യം എന്നിവയിലുഠംപ്പെടുന്നു.

4. കർമ്മണിപ്രയോഗത്തിലുള്ള വാക്യത്തേയും കർത്തരിപ്രയോഗത്തിലുള്ള വാക്യത്തേയും അർത്ഥവ്യത്യാസം കൂടാതെ അന്യോന്യം മാററാം.

   രാമൻ രാവണനെ വധിച്ചു.
   രാവണൻ രാമനാൽ വധിക്കപ്പെട്ടു.
   കാളിദാസൻ ശാകുന്തളം രചിച്ചു.
   ശാകുന്തളം കാളിദാസനാൽ രചിക്കപ്പെട്ടു.

മലയാളത്തിൽ സംസ്കൃതം ഇംഗ്ളീഷ് എന്നീ ഭാഷകളിൽ കാണുമ്പോലെയുള്ള സ്വാഭാവികത കർമ്മണി പ്രയോഗത്തിനില്ല. 'പശു പുല്ലു തിന്നു' എന്നല്ലാതെ 'പുല്ലു പശുവിനാൽ തിന്നപ്പെട്ടു. 'എന്നു മലയാളത്തിൽ പറയാറില്ല.

എന്നാൽ കർത്താവിന് പ്രസക്തിയില്ലാത്ത തരം വാക്യങ്ങൾ ചിലതുണ്ട്. അങ്ങനെയുള്ളവയിൽ കർമ്മണി പ്രയോഗം സ്വാഭാവികമായില്ലല്ലോ. 'യുദ്ധത്തിൽ പതിനായിരം പേർ കൊല്ലപ്പെട്ടു' ഇത്യാദി പ്രയോഗങ്ങൾ സ്വാഭാവികമാണ്. 'കൊല്ലപ്പെട്ടു' എന്ന പ്രയോഗത്തിനുപകരം 'മരിച്ചു' എന്നു പോരെ? എന്ന് ചോദിക്കാം. 'പോരാ' എന്നുതന്നെ പറയണം. കൊല്ലുകയുടെ ഫലം മരണമാണെങ്കിലും 'കൊല്ലപ്പെട്ടു' എന്നതിനും 'മരിച്ചു' എന്നതിനും അർത്ഥപ്രതീതിയിൽ വ്യത്യാസമുണ്ട്. കൊല്ലപ്പെടുക എന്ന പദം ശത്രുവിൻെറ ആക്രമണത്തിൽ ഊന്നുന്നു.

ഇപ്രകാരം കർമ്മണി പ്രയോഗത്തിൻെറ ആവശ്യമുണ്ടോ എന്ന് അർത്ഥത്തിൻെറ പ്രത്യേകത പരിഗണിച്ച് കഥാസന്ദർഭം നിശ്ചയിക്കാം. 'അതിക്രമിച്ച് കടക്കുന്നവർ ശിക്ഷിക്കപ്പെടുന്നതാണ്'' എന്ന് റെയിൽവേക്കാർ എഴുതി വെക്കാറുണ്ട്. 'അതിക്രമിച്ചു കടക്കുന്നവരെ ശിക്ഷിക്കുന്നതാണ്'' എന്ന വാക്യബന്ധമാണ് കൂടുതൽ സ്വാഭാവികം.

## 6.8 വാക്യഘടനയിൽ വരാവുന്ന ദോഷങ്ങൾ—അവയുടെ പരിഹാരം

1. അതിദൈർഘ്യം

വാക്യങ്ങൾ വളരെയേറെ നീണ്ടുപോകുന്നത് അസുന്ദരമാണ്. അർത്ഥബോധമുള്ള വാക്യത്തിനതു പ്രതിബന്ധവും സൃഷ്ടിക്കും. ഒരു ഉദാഹരണം നോക്കുക.

ഞാൻ പറഞ്ഞതിൻെറ അർത്ഥം. ഞാൻ നിങ്ങൾ ഏല്പിച്ച ആളെ ചികിത്സിക്കാൻ തുടങ്ങിയിട്ട് ഒരു കൊല്ലത്തിലധികമായെന്നും, അദ്ദേഹത്തിന് ഒടുവിൽ പിടിപെട്ട ഉദരരോഗത്തിൽനിന്നു മോചനം കേവലം അസാധ്യമായിരുന്നതിനാൽ അതിന് ഞാൻ ആഗ്രഹിച്ചിരുന്നില്ലെങ്കിലും അദ്ദേഹം ഇത്രവേഗം മരിക്കുന്നതിനുള്ള ലക്ഷണങ്ങളൊന്നും എൻെറ കണ്ണിൽപ്പെട്ടിരിന്നില്ലെന്നും, ഇക്കാര്യം ഏതാനും നാളുകൾക്കുമുമ്പ് ഞാൻ ചിലരോടു പറഞ്ഞിട്ടുമുണ്ടെന്നും, മണാനന്തരം ശരീരത്തിൻെറ സ്ഥിതി കണ്ടിട്ട് മരണമുണ്ടായത് ഉദരരോഗത്താലല്ലെന്നും, പെട്ടെന്നുള്ള മരണം സംശയങ്ങൾക്കിട തരുന്നുവെന്നും, പോസ്ററുമോർട്ടം പരിശോധനകൊണ്ടോ ഏതെങ്കിലും നിശ്ചയിക്കാൻ കഴിയൂ എന്നും ആകുന്നു. ഈ വാക്യം അർത്ഥബോധത്തിന് പറയത്തക്ക വിഷമമുണ്ടാകുന്നില്ലെങ്കിലും തികച്ചും അസുന്ദരമാണ്. ചുരുങ്ങിയത് ആറു വാക്യങ്ങളെങ്കിലും ഇവിടെ ചങ്ങലക്കണ്ണികൾ പോലെ കൂട്ടിവിളക്കിയിട്ടുണ്ട്. അവയെ വേറെ വേറെ വാക്യങ്ങളാക്കുകയാണ് നല്ലത്

2. അവ്യക്തത

ഞങ്ങൾ ഉണ്ടാക്കുന്ന യുദ്ധ സാമഗ്രികൾ എതിർകക്ഷികളിൽപ്പെട്ടവർക്ക് വിററഴിച്ചു പണമുണ്ടാക്കാനും തങ്ങൾക്ക് തൊഴിലും വ്യാപാരവും സമ്പത്തും വർദ്ധിപ്പിക്കാനും അന്യരാജ്യങ്ങളിൽ ചെന്നുകൂടി തന്നാട്ടുകാരെ പീഡിപ്പിക്കാനും, തങ്ങളുടേതല്ലാതെ സാമൂഹ്യവ്യവസ്തകൾ പുരോഗമനപരമല്ലെന്ന് വിശ്വസിച്ചു മററു രാജ്യങ്ങളെകൊണ്ട് അംഗീകരിപ്പിക്കാനും, അമേരിക്ക, ബ്രിട്ടൻ, റഷ്യ, ചൈന, ജപ്പാൻ മുതലായ വൻ രാഷ്ട്രങ്ങൾ ശ്രമിക്കുന്നിടത്തോളം കാലം ലോകത്തിൽ ശാന്തിയുണ്ടാവില്ല.

ഇതിൽ ഏതുരാജ്യം ഏതുശ്രമം നടത്തുന്നു എന്നു അവ്യക്തം. 'എതിർകക്ഷികളിൽ പെട്ടവർക്ക്'' എന്ന പ്രയോഗത്തിൽ നിന്ന് കിട്ടുന്ന പ്രതീതി ഉൽപാദകർക്ക് എതിരായി നില്ക്കുന്ന രാഷ്ട്രങ്ങൾ എന്നാണ്. അതിനു യുക്തിയില്ല. 'അന്യോന്യം ശത്രുതയിൽ വർത്തിക്കുന്ന ഇതരരാഷ്ട്രങ്ങൾ' എന്നാണ് വിവക്ഷയെങ്കിൽ അതു വ്യക്തമല്ല. ആശയം സ്ഫുടവും വിശദവുമാവണമെങ്കിൽ ഏതുരാജ്യം ഏതേതുശ്രമം നടത്തുന്നു എന്ന് വ്യക്തമാക്കുംവിധം വാക്യം നിബന്ധിക്കണം.

3. പൗനരുക്ത്യം

പദസംഘാതത്തിൽ പൗനരുക്തിയ്ക്ക് ഉദാഹരണങ്ങൾ.

കണ്ണടച്ച് ഉറങ്ങുക; ഇരുട്ടത്തു കണ്ണു കാണുക; ചെവികൊണ്ടു കേൾക്കുക; മനസ്സിൽ സന്താപം തോന്നുക; വാക്കുകൊണ്ടു പറയുക; അറിയാനുള്ള ജിജ്ഞാസ.

പെട്ടന്നുണ്ടായ ആകസ്മിക സംഭവം; നിത്യേനയുള്ള പ്രതിദിനപരിപാടി; തമ്മിൽ അന്യോന്യം കലഹിക്കുക; കണ്ണിൽ കാണപ്പെടുക; കൈപ്പുററ തിക്തകഷായം;

രക്ത്ദാനം നല്കുക; വാഗ്ദത്തം നല്കുക; ആളുകൾ തമ്മിൽ പരസ്പര സഹായം ചെയ്യുക; പിന്നാലെ അനുധാവനം ചെയ്യുക; സംഭവം കഴിഞ്ഞ് അതിനുശേഷം പശ്ചാത്തപിക്കുക; ആബാലവൃദ്ധം ജനങ്ങളെല്ലാവരും.

നേത്രദ്വയം രണ്ടിലും, രണ്ടുകണ്ണിണകളിലും, കാരുണ്യത്തോടും ദയയോടുംകൂടി. ആലോചിക്കാതെ സാഹസം പ്രവർത്ത്തിക്കുക. ഏകാകിയായി ഒററയ്ക്ക് നില്ക്കുക, ഏകാന്തമായി തനിയെ ഇരിക്കുക, കാരണം എന്തുകൊണ്ടെന്നാൽ, വീണ്ടും ആവർത്തിക്കുക.

**4. അംഗിവാക്യങ്ങളിൽ പൗനരുക്ത്യം**

1. സദ്യയ്ക്ക് ക്ഷണിച്ചവരിൽ ആരും വരാതിരുന്നിട്ടില്ല; എല്ലാവരും എത്തിയിട്ടുണ്ട്.
2. മൂത്തവർ പറഞ്ഞത് ഇളയവൻ അനുസരിക്കണം; ചെറുപ്പക്കാർ മുതിർന്നവരെ അനുസരിക്കാതിരിക്കരുത്.
3. ചോദിച്ചതു കിട്ടിയപ്പോൾ അയാൾ സ്ഥലം വിട്ടു. കിട്ടണമെന്നാഗ്രഹിച്ചതു കയ്യിലായപ്പോൾ അയാൾ ഉടനെ പോയി.

**5. അംഗവാക്യങ്ങളിൽ പൗനരുക്ത്യം**

1. നിങ്ങൾക്കു കാത്തുനില്കാൻ നേരമില്ലെങ്കിൽ, ഉടനെ പോകണമെന്നുണ്ടെങ്കിൽ, വേറെ വഴി നോക്കുക.
2. എന്തുകൊണ്ട് അതുചെയ്തുവെന്നോ, അങ്ങനെ ചെയ്യാൻ കാരണമെന്തെന്നോ, അയാൾ പറഞ്ഞില്ല.
3. എനിക്ക് തീരെ സൗകര്യമില്ലാത്തതിനാൽ, ഒരുതരത്തിലും സൗകര്യപ്പെടാത്തതു നിമിത്തം അക്കാര്യത്തിൽ നിന്നൊഴിവാക്കണമെന്ന് അപേക്ഷിച്ചു.

**6. അംഗാംഗിവാക്യങ്ങളിലൊന്നിൽ വ്യക്തമായ വസ്തുത മറേറതിൽ ആവർത്തിക്കുക.**

1. രാജാവു മുറിവേററു വീണു. മുറിവേററു വീണ വാർത്ത കാട്ടുതീപോലെ രാജ്യത്തിൽ വ്യാപിച്ചു.
2. രാമൻ പരീക്ഷയിൽ ഒന്നാം റാങ്കുനേടിയപ്പോൾ ഒന്നാം റാങ്കു നേടി എന്നതിൽ എല്ലാവരും അയാളെ അഭിനന്ദിച്ചു.

**7. പ്രക്രമഭംഗം.**

തുടക്കത്തിലെ ക്രമത്തിന് മാററം വരുത്തുകയാണ് പ്രക്രമഭംഗം.

1. സൂര്യൻ അസ്തമിച്ചിട്ടും ചന്ദ്രൻ ഉദിച്ചുകഴിഞ്ഞില്ല.
2. രാമനു തെററു പററിയിട്ടുള്ളതായും കൃഷ്ണൻ ശരിയാണെന്നും.
3. മതം കൊണ്ടും ശാസ്ത്രത്താലും കലാസാഹിത്യാദികൾ മൂലവും.
4. സ്തുതിക്കുന്നതിലോ നിന്ദിക്കുവാനോ.
5. വന്നാലും പോയെങ്കിലും.
6. കണ്ടിട്ടുമില്ല, കേൾക്കുകയും ചെയ്തിട്ടില്ല.
7. രാമൻ ജ്യേഷ്ഠനും അനുജൻ ലക്ഷ്മണനും.
8. രാമനെ ദശരഥനെന്നും എന്നെ സീതയായും അയോധ്യയെ അടവിയെപ്പോലെയും കരുതുക.

   (ഇതിൽ വാക്യഘടനാപരമായും ആശയപരമായും പ്രക്രമഭംഗമുണ്ട്. 'എന്നും ആയും പോലെയും' എന്നിവയെ ഏകരൂപമാക്കണം. രാമനെ ദശരഥനെന്നും സീതയെ ഞാനെന്നും അടവിയെ അയോദ്ധ്യയെന്നും കരുതുക എന്നായാലേ ആശയപരമായ ക്രമത്തിന് ഭംഗം വരാതിരിക്കൂ.)
9. നിങ്ങൾ തോററതിലും അവൻെറ ജയത്തിലും.
10. ഭംഗിയും നിറമുള്ളതുമായ പൂവ്.

**8. വക്രത, വ്യർത്ഥാസ്ഥൂലത.**

ആവശ്യത്തിലേറെ പദങ്ങൾ പ്രയോഗിക്കുകയോ വെച്ചുകെട്ടിപ്പറയുകയോ ചെയ്യുന്നത് വാക്യദോഷമായി കണക്കാക്കുന്നു.

**വാക്യത്തിന്റെ വ്യഥാസ്ഥൂലതയ്ക്ക് ഉദാഹരണം**

മനോഹരവും സുന്ദരവുമായ ഈ സായാഹ്നത്തിൽ ഉത്സാഹഭരിതരും ഉൻമേഷവാൻമാരും ആഹ്ളാദചിത്തരുമായ സദസ്സിനു മുന്നിൽ, മഹത്തുക്കളും ഉന്നതരും മഹാമതികളും, മാന്യരുമായ മററു പ്രഭാഷകരോടൊപ്പം പ്രസംഗിക്കാൻ സന്ദർഭവും ഭാഗ്യവും ലഭിച്ചതിൽ എനിക്ക് ചാരിതാർത്ഥ്യവും കൃതജ്ഞതയും ഉണ്ട് എന്ന് വിനയത്തോടെയും വണക്കത്തോടെയും ഞാൻ അറിയിച്ചുകൊള്ളുന്നു.

**പദവക്രത**

സൗന്ദര്യമുള്ളതായ ശരീരം
സൗഭാഗ്യമുള്ളവനായിരിക്കുന്ന സുഹൃത്ത്
ദുഷ്കരമായതായിരിക്കുന്ന കൃത്യം
പോകേണ്ടതായിത്തീർന്നിരിക്കുന്ന സ്ഥലം
സുഖം പ്രാപിക്കുവാനുള്ളതായ മരുന്ന്.

## 6.9 പഴഞ്ചൊല്ലുകൾ

ആയിരക്കണക്കിൽ പഴഞ്ചൊല്ലുകളുണ്ട് മലയാളത്തിൽ.

'പഴഞ്ചൊൽ പ്രപഞ്ചം' എന്ന പുസ്തകത്തിൽ (പി. സി കർത്താവ്) അവ സഞ്ചയിച്ചിട്ടുണ്ട്

ഇവിടെ ചിലതുമാത്രം രേഖപ്പെടുത്തുന്നു.

പഴഞ്ചൊല്ലിൽ പതിരില്ല.
മിന്നുന്നതെല്ലാം പൊന്നല്ല.
താൻ പാതി ദൈവം പാതി.
വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.
മൂത്തവർ വാക്കും മുതുനെല്ലിക്കയും മുമ്പെ കയ്ക്കും പിമ്പെ മധുരിക്കും.
പയ്യെ തിന്നാൽ പനയും തിന്നാം.
മെല്ലെത്തിന്നാൽ മുള്ളും തിന്നാം.
ചൊട്ടയിലെ ശീലം ചുടലവരെ
മുററത്തെ മുല്ലയ്ക്കു മണമില്ല.
ഏട്ടിലെ പശു പുല്ലു തിന്നില്ല.
പണത്തിൻ മീതെ പരുന്തും പറക്കുകയില്ല.
വിതച്ചതു കൊയ്യും.
പഴകിയാൽ പാലും പുളിക്കും.

### പുരോഗതി സ്വയം പരിശോധിക്കുക. 3

3. **അടിവരയിട്ട പദസംഘാതങ്ങളെ വിശേഷണവാക്യങ്ങളായി വികസിപ്പിക്കുക.**

   1. **ധീരതയുടെ പ്രദർശനത്തിലുള്ള അമിതമായ ആവേശം** അയാളെ ആപത്തിൽ ചാടിക്കുന്നു.

   2. **പ്രതികൂല സാഹചര്യങ്ങളിൽ സത്യപാലനത്തിനുവേണ്ടി** ഹരിശ്ചന്ദ്രൻ വലിയ ത്യാഗങ്ങളനുഷ്ഠിച്ചു.

4. **അംഗവാക്യങ്ങളെ പദസംഘാതങ്ങളാക്കി മാററുക.**

   1. **സ്ഥിരമായ ഉത്സാഹത്തോടെ, ക്ലേശങ്ങൾ സഹിക്കാൻ സന്നദ്ധരായി യത്നിക്കുന്ന** വിദ്യാർത്ഥികൾക്ക് വിജയം ലഭിക്കും.

   2. **കാന്താരങ്ങളിൽ തപസ്സുചെയ്തു ജീവിച്ച പ്രാചീന മഹർഷിമാരെ സാമ്രാജ്യങ്ങളുടെ അധീശൻമാരായിരുന്ന** ഭരണാധികാരികൾ ഭയപ്പെട്ടിരുന്നു.

### പുരോഗതി സ്വയം പരിശോധിക്കുക—ഉത്തരം

**അ)** 1. ശൈലിയെ മൂന്നു തരത്തിൽ തിരിക്കാവുന്നതാണ്.

ഒന്ന്- വ്യാകരണപരമായ പ്രയോഗവിശേഷങ്ങൾ

രണ്ട്- ഘടകപദങ്ങളുടെ വാക്യമായ അർത്ഥത്തിൽനിന്നും വ്യതിരിക്തമായ വ്യത്യാസത്തോടു കൂടിയ പദയോഗങ്ങൾ

മൂന്ന്- വിശേഷാർത്ഥങ്ങളോടെ ഉത്ഭവിച്ച് സാമാന്യാർത്ഥങ്ങളിലേയ്ക്ക് വികസിക്കുന്ന പദസംഘാതങ്ങൾ.

2. ആശാരി മരം വെട്ടി.
ആയിരം മാങ്ങ നുറുക്കി കറിയുണ്ടാക്കി.

3. 1) വളരെ ആലോചിച്ചുറച്ചതിനുശേഷം ആസൂത്രണം ചെയ്ത് കാര്യം നിർവ്വഹിച്ചു.

2. ചെയ്യുമെന്ന് കരുതിയിരുന്നതല്ല, പക്ഷെ ചെയ്തിരിക്കുന്നു.

3. വസ്തുതകൾ അതേപടി അവതരിപ്പിക്കാതെ പൊടിപ്പും തൊങ്ങലും ചേർത്ത് പറഞ്ഞു.

ആ) പുരോഗതി സ്വയം പരിശോധിക്കുക. 2

1. വാക്യങ്ങളെ അംഗിവാക്യം, അംഗവാക്യം, പദസംഘാതം എന്നിങ്ങനെ വേർതിരിക്കാം.

3. 1) നിറവും മണവുമുള്ള പൂക്കൾ.
2) മറക്കാനാവാത്ത ദ്രോഹങ്ങൾ.
3) മോഹനങ്ങളായ വാഗ്ദാനങ്ങൾ.
4) തേനഞ്ചുന്ന കവിതയും, അല്പം ആഹാരവും, മധുരമായി പാടുന്ന നീയും.

ഇ 1. ധീരതാപ്രദർശനത്തിന് അമിതമായ ആവേശം പൂണ്ട അയാൾ ആപത്തിൽ ചാടി.

2. പ്രതികൂല സാഹചര്യങ്ങളിൽ സത്യം പാലിച്ച ഹരിശ്ചന്ദ്രൻ വലിയ ത്യാഗങ്ങളനുഷ്ഠിച്ചു.

ഈ 1. സ്ഥിരോത്സാഹത്തോടെ ക്ലേശങ്ങൾ സഹിക്കാനുള്ള സന്നദ്ധത വിദ്യാർത്ഥികൾക്ക് വിജയം നേടിക്കൊടുക്കും.

2. കാന്താരങ്ങളിൽ തപസ്സുചെയ്തു ജീവിച്ച പ്രാചീന മഹർഷിമാരെ സാമ്രാജ്യങ്ങളുടെ അധീശന്മാരായ ഭരണാധികാരികൾക്ക് ഭയം ആയിരുന്നു.